**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2944** **25-06-2024 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ആക്രമണങ്ങളെക്കുറിച്ചുള്ള മുന്നറിയിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങളുടെ സഞ്ചാരം സംബന്ധിച്ച് ജനങ്ങൾക്ക് നേരത്തെ മുന്നറിയിപ്പ് നൽകുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ; വിശദാംശം നൽകുമോ; | (എ) | വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. NMR വാച്ചർമാരുടേയും ഫീൽഡ് ജീവനക്കാരുടേയും സേവനം ആവശ്യമായ ഘട്ടങ്ങളിൽ ഉപയോഗിച്ചുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷമുള്ള പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്ന അവസരങ്ങളിൽ അവയെ നിരീക്ഷിക്കുന്നതിനായി ക്യാമറ ട്രാപ്പുകൾ ഉപയോഗിച്ചുവരുന്നുണ്ട്. ഇതര ഡിപ്പാർട്ട്മെന്റ് പ്രതിനിധികളേയും സ്ഥലവാസികളേയും ഉൾപ്പെടുത്തി വാട്ട്സാപ്പ് ഗ്രൂപ്പുകളും ജനജാഗ്രതാ സമിതികളും രൂപീകരിച്ച് കർഷകർ, ജനപ്രതിനിധികൾ, സ്ഥലവാസികൾ എന്നിവരുമായി ആശയ വിനിമയം നടത്തി വരുന്നു. നേരത്തെയുള്ള മുന്നറിയിപ്പ് സംവിധാനം SMS അലെർട്ട് സിസ്റ്റം വഴിയും ഡിജിറ്റൽ (സെൻസർ) വാൾ ഉപയോഗിച്ച് വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മനസ്സിലാക്കി ജനങ്ങൾക്ക് ആവശ്യമായ ജാഗ്രതാ നിർദ്ദേശം നൽകിവരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | മൂന്നാർ മേഖലയിലെ വന്യമൃഗ ആക്രമണങ്ങളെ സംബന്ധിച്ച് പഠിക്കുവാൻ ഹൈക്കോടതി നിയോഗിച്ച സമിതിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ സർക്കാരിന് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സമിതിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നുവെന്നും എന്തൊക്കെ തുടർനടപടികൾ ഇതിൽ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | ബഹു. കേരള ഹൈക്കോടതി നിയമിച്ച വിദഗ്ധ സമിതി മൂന്നാർ മേഖലയിലെ മനുഷ്യ-വന്യമൃഗ സംഘർഷം സംബന്ധിച്ച് റിപ്പോർട്ടും ,ശുപാർശകളും ബഹു.കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് ബഹു.കോടതിയുടെ പരിഗണനയിലാണ്. ടി റിപ്പോർട്ടിന്മേൽ സർക്കാരിന്റെ അഭിപ്രായം തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ